**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1906** **31-08-2022 - ൽ മറുപടിയ്ക്ക്**

**തൃക്കാക്കര മണ്ഡലത്തിലെ ഫിഷറീസ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.ഉമ തോമസ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | തൃക്കാക്കര നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ചു വർഷകാലയളവിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നിലവിൽ വകുപ്പ് ഏതെങ്കിലും പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | പ്രസ്തുത മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നിലവിൽ പി.എം.എം.എസ്.വൈ., ബയോഫ്ലോക്ക് (140$^{m3}$) – 2 യൂണിറ്റ്, സുഭിക്ഷ ബയോഫ്ലോക്ക് (13 യൂണിറ്റ്) എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ മത്സ്യഫെഡ് മുഖേന മൈക്രോഫിനാൻസ് വായ്പ പദ്ധതി, മത്സ്യക്കച്ചവടം ചെയ്യുന്ന വനിതകൾക്കുള്ള പലിശ രഹിത വായ്പ, ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി) ധനസഹായ ത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതിയിൽ മത്സ്യക്കച്ചവടം ചെയ്യുന്ന വനിതകൾക്കുള്ള വായ്പ (ഐ.എഫ്.ഡി.പി.എഫ്.വി) എന്നീ പദ്ധതികൾ തുടർന്നും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് എറണാകുളം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ.**

1. **2018-2019**

കുളങ്ങളിൽ ഗിഫ്റ്റ് തിലാപ്പിയ കൃഷി എന്ന പദ്ധതിക്കായി 1.75 ഏക്കർ ഏരിയയിൽ കൃഷി ചെയ്യുന്നതിനായി ഒരു ഗുണഭോക്താവിന് 3,75,000/- രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്.

2. **2020-21**

   a. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി 16 ബയോഫ്ലോക്ക് യൂണിറ്റുകൾക്കായി 2,72,791/- രൂപ സബ്സിഡി ആയി നൽകിയിട്ടുണ്ട്.
   b. പി.എം.എം.എസ്.വൈ പദ്ധതിയുടെ ഭാഗമായി രണ്ട് ബയോഫ്ലോക്ക് (140 $m^3$) യൂണിറ്റുകൾക്കായി 5,84,266/- രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്.
   c. തദ്ദേശ സ്വയം ഭരണ സ്ഥാപന പദ്ധതിയായ "വനിതകളുടെ സ്വന്തം മീൻതോട്ടം" എന്ന പദ്ധതിയിൽ 2 യൂണിറ്റുകൾക്കായി 18,000 രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്.

3. **2021-22**

   a. സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ബയോഫ്ലോക്ക് എന്ന പദ്ധതിക്കായി ഒരു യൂണിറ്റിനായി 18,400/- രൂപ സബ്സിഡി ആയി നൽകിയിട്ടുണ്ട്.
   b. റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം ($50m^3$) എന്ന പദ്ധതിയിൽ ഒരു യൂണിറ്റിനായി 1,42,394/- രൂപ സബ്സിഡി ആയി നൽകിയിട്ടുണ്ട്.
   c. സുഭിക്ഷ കേരളം പദ്ധതിയിൽ 12 ബയോഫ്ലോക്ക് യൂണിറ്റുകൾക്കായി 56,671/- രൂപ സബ്സിഡി ആയി നൽകിയിട്ടുണ്ട്.

   മേൽ സൂചിപ്പിച്ച പദ്ധതികൾക്കായി തൃക്കാക്കര മണ്ഡലത്തിൽ ആകെ 14,67,522/- രൂപ ചെലവാക്കിയിട്ടുണ്ട്.

**മത്സ്യഫെഡ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | പദ്ധതി | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ് ഡി.സി യുടെയും എൻ.എം.ഡി.എഫ്. സി യുടെയും ധനസഹായത്തോടെ നടപ്പിലാക്കുന്ന മൈക്രോഫിനാൻസ് വായ്പ പദ്ധതി. | 68.34 |

| | | |
|---|---|---|
| 2. | മത്സ്യക്കച്ചവടം ചെയ്യുന്ന വനിതകൾക്കുള്ള പലിശ രഹിത വായ്പ | 39.00 |
| 3. | ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ന്റെ ധനസഹായത്തോട്ടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതിയിൽ മത്സ്യക്കച്ചവടം ചെയ്യുന്ന വനിതകൾക്കുള്ള വായ്പ (ഐ.എഫ്.ഡി.പി. എഫ്.വി) | 5.60 |
| | ആകെ | 112.94 |

സെക്ഷൻ ഓഫീസർ